4940

നം.വൈ.1/25587/2019/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 15.07.2019

## സർക്കുലർ

A5

വിഷയം:- പൊതുവിദ്യാഭ്യാസം സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായ് സംഘടിപ്പിക്കുന്ന കേരള ചരിത്ര ക്വിസ് -2019- മത്സരത്തെ - സംബന്ധിച്ച്

സൂചന:- ആർക്കൈവ്സ് ഡയറക്ടറുടെ 24-06-2019-ലെ പി6ആർ-1876/2019/എസ് എ നമ്പർ കത്ത്.

********

പൊതു സമൂഹത്തിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ചരിത്രാവബോധം വളർത്തുന്നതിനും ചരിത്ര രചനയിൽ ആർക്കൈവൽ രേഖകൾ വഹിക്കുന്ന പങ്കിനെകുറിച്ച് ബോധവാൻമാരാക്കുന്നതിനും അവ നമ്മുടെ സാംസ്കാരിക പൈതൃതത്തിന്റെ ഭാഗമാണെന്നധാരണ ആർക്കൈവ്സ് വകുപ്പ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി 'കേരള ചരിത്രക്വിസ് 2019' മത്സരം സംഘടിപ്പിക്കുന്നു. സ്കൂൾ തലം,ജില്ലാ വിദ്യാഭ്യാസ ഓഫീസർ തലം, സംസ്ഥാനതലം എന്നീ 4 തലങ്ങളായാണ് മത്സരം പൂർത്തിയാക്കുന്നത്.

ചരിത്ര ക്വിസ് 2019- ന്റെ പ്രോഗാം ഷെഡ്യൂളും, വിശദവിവരങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പരാമവധി ഹൈസ്കൂൾ വിദ്യാർത്ഥികളെ പ്രസ്തുത മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ പ്രഥമാധ്യാപകരും ബന്ധപ്പെട്ട ഓഫീസർമാരും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

ആർ.എസ്.ഷിബു
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

പകർപ്പ് :-

1. ഡയറക്ടർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്, നളന്ദ, തിരുവനന്തപുരം. (സർക്കുലറിന്റെ ആവശ്യമായ പകർപ്പും, ഗൈഡ്‌ലൈനും, പ്രോഗ്രാം ഷെഡ്യൂളും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, RDSSCA സെക്രട്ടറിമാർക്കും നൽകുവാൻ താൽപര്യപ്പെടുന്നു)
2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (അവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.)
4. സംസ്ഥാന സെക്രട്ടറി, സാമൂഹ്യശാസ്ത്ര ക്ലബ് അസോസിയേഷൻ സെക്രട്ടറിമാർക്കും
5. എല്ലാ റവന്യൂ ജില്ലാ സാമൂഹ്യശാസ്ത്ര ക്ലബ് അസോസിയേഷൻ സെക്രട്ടിമാർക്ക്
6. ഓഫീസ് കോപ്പി & കരുതൽ ഫയൽ

A5/4940/2019 19.07.2019

വി.എം.

19.7.19

# ചരിത്രക്വിസ് 2019

## പ്രോഗ്രാം ഷെഡ്യൂൾ

| ക്രമ നം. | മത്സര തലം | പൂർത്തിയാക്കേണ്ട തീയതി | സംഘാടന ചുമതല | റിമാർക്സ് |
|---|---|---|---|---|
| 1 | സ്കൂൾ തലം | ആഗസ്റ്റ് 20 നകം | പ്രധാന അധ്യാപകൻ | |
| 2 | DEO തലം | സെപ്റ്റംബർ 30 ന് മുമ്പ് | ആർക്കൈവ്സ് വകുപ്പ് | സ്കൂൾതല മത്സര വിജയികളുടെ ലിസ്റ്റ് അതത് DEO മാർ ആർക്കൈവ്സ് വകുപ്പിന് നല്കേണ്ടതാണ്. |
| 3 | മേഖലാതലം (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) | ഒക്ടോബർ 20 നകം | ആർക്കൈവ്സ് വകുപ്പ് | |
| 3 | സംസ്ഥാനതലം (മെഗാഫൈനൽ) | നവംബർ 25 | ആർക്കൈവ്സ് വകുപ്പ് | |

ഡയറക്ടർ

## ആർക്കൈവ്സ് വകുപ്പ് നടത്താനുദ്ദേശിക്കുന്ന ചരിത്രക്വിസ് 2019 ന്റെ വിശദാംശങ്ങൾ

1) സർക്കാർ -എയ്ഡഡ് -അംഗീകൃത സ്കൂളുകളിലെ ഹൈസ്കൂൾ കുട്ടികളെയാണ് മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.
2) ടീം അടിസ്ഥാനത്തിലാണ് മത്സരം. ഒരു ടീമിൽ രണ്ടു കുട്ടികൾ വേണം.
3) മത്സരം മലയാളഭാഷയിലാണ് നടത്തേണ്ടത്.
4) ഹൈസ്ക്കൂൾ തല മത്സരം അതത് സ്കൂൾ അധികൃതർ നടത്തണം. ഒന്നാമതെത്തുന്ന രണ്ടു പേരടങ്ങുന്ന ഒരു ടീമിനെ DEO തല മത്സരത്തിൽ പങ്കെടുപ്പിക്കണം
5) DEO തല മത്സരം DEO മാർ നടത്തണം. ക്വിസ് മാസ്റ്ററെ അതത് DEO മാർ കണ്ടെത്തണം. മത്സരം നടത്തുന്നത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാവണം. മത്സരത്തിന്റെ ചെലവിലേയ്ക്കായി ആർക്കൈവ്സ് വകുപ്പിൽ നിന്ന് 5000/- രൂപ നല്കുന്നതാണ്. ഇതു പൂർണ്ണമായും മത്സരം നടത്തിപ്പിനായി വിനിയോഗിക്കേണ്ടതാണ്. ഈ തുക താഴെപ്പറയുന്ന ഇനങ്ങളിൽ യുക്താനുസരണം വിനിയോഗിക്കാവുന്നതാണ്.

i) ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കുള്ള ട്രോഫി/ക്യാഷ് അവാർഡ്
ii) പങ്കെടുക്കുന്ന കുട്ടുകൾക്കുള്ള ചായ, ലഘുഭക്ഷണം
iii) ക്വിസ് മാസ്റ്റർക്കുള്ള പ്രതിഫലം
iv) മൈക്ക് സെറ്റിന്റെ ചാർജ്ജ്
v) ഫോട്ടോ
vi) സ്റ്റേഷനറി
vii) ക്വിസ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ

വിദ്യാഭ്യാസ ജില്ലാതലത്തിൽ ഒന്നാമതെത്തുന്ന ടീമംഗങ്ങളുടെ പേരും വിലാസവും ഫോൺ നമ്പരും സ്കൂളിന്റെ പേരും DEO, ക്വിസ് മാസ്റ്റർ, ചുമതലയുള്ള പുരാരേഖാ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തി ആർക്കൈവ്സ് വകുപ്പിന് നൽകേണ്ടതാണ്.

DEO തലത്തിൽ ഒന്നാമതെത്തുന്ന ടീമുകളെ സംഘടിപ്പിച്ചുകൊണ്ട് മേഖലാതല മത്സരം നടത്തുന്നതാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് മേഖലകളിലായാണ് മത്സരം നടത്തുന്നത്.

ഓരോ മേഖലയിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല മത്സരം നടത്തുന്നതാണ്

മേഖലാതലം, സംസ്ഥാനതലമത്സരങ്ങൾ ആർക്കൈവ്സ് വകുപ്പ് നേരിട്ട് നടത്തുന്നതാണ്

സംസ്ഥാനതല മത്സരത്തിൽ വിജയികളാകുന്ന ടീമുകൾക്ക് 25,000/- രൂപ, 15,000/- രൂപ, 10,000/- രൂപ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡും ട്രോഫികളും നൽകുന്നതാണ്.

ഈ വർഷത്തെ ക്വിസ് മത്സരം '**കേരള ചരിത്രം-നൂറ്റാണ്ടുകളിലൂടെ**' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.

ഡയറക്ടർ